# പരിശീലന രൂപരേഖകൾ

# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക

# (3)

ദൂത് ഒമ്പത്

## യഥാർഥ സഭാ ജീവിതത്തിനായുള്ള ക്രിസ്തുവിന്റെ പരമമായ അമൂല്യതയുടെ ദർശനവും അനുഭവവും ആസ്വാദനവും ആവിഷ്കാരവും

EM *Hymns*: E547, ML191

തിരുവെഴുത്ത് വായന: 1 പത്രൊ. 1:7, 19; 2:4, 6-7; 3:4; 2 പത്രൊ. 1:1, 4

1 പത്രൊ. 1:7 അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ;

1 പത്രൊ. 1:19 നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ;

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:6 എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ

മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**I. ക്രിസ്തുവിലുള്ള വിശ്വാസികൾക്ക് മൂല്യത്തെക്കുറിച്ചുള്ള അവരുടെ ധാരണയ്ക്ക് മാറ്റമുണ്ടാകണം—മത്താ. 23:16-26; 1 ശമൂ. 16:7; ലൂക്കൊ. 16:15; 9:54-56; 1 പത്രൊ. 3:4; ഫിലി 3:7-8:**

| | |
|---|---|
| മത്താ. 23:16 | ആരെങ്കിലും ആലയത്തെക്കൊണ്ട് ശപഥം ചെയ്താൽ അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും ആലയത്തിലെ സ്വർണത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ് എന്നു പറയുന്ന കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് അയ്യോ കഷ്ടം! |
| മത്താ. 23:17 | മൂഢരും കുരുടരും ആയവരേ, ഏതാകുന്നു വലിയത്, സ്വർണമോ സ്വർണത്തെ വിശുദ്ധീകരിക്കുന്ന ആലയമോ? |
| മത്താ. 23:18 | പിന്നെയും, ആരെങ്കിലും യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്താൽ, അത് ഒന്നുമല്ല; എന്നാൽ ആരെങ്കിലും അതിന്മേലുള്ള ഉപഹാരത്തെക്കൊണ്ട് ശപഥം ചെയ്താൽ അവൻ ബാധ്യസ്ഥനാണ്. |
| മത്താ. 23:19 | കുരുടന്മാരേ, ഏതാകുന്നു വലിയത്, ഉപഹാരമോ ഉപഹാരത്തെ വിശുദ്ധീകരിക്കുന്ന യാഗപീഠമോ? |
| മത്താ. 23:20 | അതുകൊണ്ട്, യാഗപീഠത്തെക്കൊണ്ട് ശപഥം ചെയ്യുന്നവൻ അതിനെക്കൊണ്ടും അതിന്മേലുള്ള സകലത്തെക്കൊണ്ടും ശപഥം ചെയ്യുന്നു; |
| മത്താ. 23:21 | ആലയത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, അതിനെക്കൊണ്ടും അതിൽ വസിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു; |
| മത്താ. 23:22 | സ്വർഗത്തെക്കൊണ്ട് ശപഥം ചെയ്യുന്നവനോ, ദൈവത്തിന്റെ സിംഹാസനത്തെക്കൊണ്ടും അതിന്മേൽ ഇരിക്കുന്നവനെക്കൊണ്ടും ശപഥം ചെയ്യുന്നു. |
| മത്താ. 23:23 | ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പുതിനയും ചതകുപ്പയും ജീരകവും ദശാംശം കൊടുക്കുകയും, ന്യായപ്രമാണത്തിന്റെ ഘനമേറിയ കാര്യങ്ങളായ ന്യായവും കരുണയും വിശ്വസ്തതയും അവഗണിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇവയെ നീ ചെയ്യുകയും, മറ്റുള്ളവയെ നീ അവഗണിക്കാതിരിക്കുകയും വേണമായിരുന്നു. |
| മത്താ. 23:24 | കുരുടന്മാരായ വഴികാട്ടികളേ! നിങ്ങൾ കൊതുകിനെ അരിക്കുകയും, എന്നാൽ ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നു. |
| മത്താ. 23:25 | ശാസ്ത്രിമാരും പരീശന്മാരുമേ, കപടഭക്തിക്കാരേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ പാനപാത്രത്തിന്റെയും തളികയുടെയും പുറം വെടിപ്പാക്കുന്നു, എന്നാൽ അകമേ അവർ അപഹരണത്താലും ഭോഗാസക്തിയാലും നിറഞ്ഞിരിക്കുന്നു. |
| മത്താ. 23:26 | കുരുടനായ പരീശനേ, പാനപാത്രത്തിന്റെയും തളികയുടെയും പുറം വൃത്തിയാകേണ്ടതിന് ആദ്യം അവയുടെ അകം വെടിപ്പാക്കുവിൻ. |

| | |
|---|---|
| 1 ശമൂ. 16:7 | യഹോവ ശമൂവേലിനോടു: അവന്റെ മുഖമോ പൊക്കമോ നോക്കരുതു; ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിന്നു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു. |
| ലൂക്കൊ. 16:15 | അവൻ അവരോടു പറഞ്ഞു, നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവരാകുന്നു, എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു; മനഷ്യരുടെ ഇടയിൽ ഉയർത്തപ്പെട്ടിരിക്കുന്നതു ദൈവത്തിനു മുമ്പാകെ മ്ലേച്ഛതയാകുന്നുവല്ലോ. |
| ലൂക്കൊ. 9:54 | ഇതു കണ്ടിട്ട് ശിഷ്യന്മാരായ യാക്കോബും യോഹന്നാനും, കർത്താവേ, ആകാശത്തുനിന്ന് തീ ഇറങ്ങിവന്ന് അവരെ നശിപ്പിക്കുവാൻ ഞങ്ങൾ കൽപ്പിക്കേണ്ടതിനു നീ ഇച്ഛിക്കുന്നുവോ? എന്നു ചോദിച്ചു. |
| ലൂക്കൊ. 9:55 | എന്നാൽ തിരിഞ്ഞിട്ട്, അവൻ അവരെ ശാസിച്ചു പറഞ്ഞു, നിങ്ങൾ എത്തരത്തിലുള്ള ആത്മാവിലാകുന്നു എന്നു നിങ്ങൾ അറിയുന്നില്ല. |
| ലൂക്കൊ. 9:56 | മനുഷ്യപുത്രൻ മനുഷ്യരുടെ ജീവനെ നശിപ്പിക്കുവാനല്ല രക്ഷിക്കുവാനത്രേ വന്നത്. പിന്നെ അവർ മറ്റൊരു ഗ്രാമത്തിലേക്കു പോയി. |
| ലൂക്കൊ. 3:4 | യെശയ്യാ പ്രവാചകന്റെ വചനങ്ങളുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ, “മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം, കർത്താവിന്റെ വഴി ഒരുക്കുവിൻ; അവന്റെ പാതകൾ നേരെയാക്കുവിൻ. |
| ഫിലി. 3:7 | എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു. |
| ഫിലി. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |

A. ക്രിസ്തുവിന്റെയും അവന്റെ പൂർണ രക്ഷയുടെയും താഴെപ്പറയുന്ന വശങ്ങളെക്കുറിച്ചുള്ള അവരുടെ മൂല്യനിർണയത്തിലും വിലയിരുത്തലിലും മൂല്യത്തെക്കുറിച്ച് വിശ്വാസികൾക്കുള്ള ശരിയായ ധാരണ കാണാൻ കഴിയും:

1. സഭയുടെ കെട്ടുപണിക്കുള്ള മുഖ്യ മൂലക്കല്ലെന്ന നിലയിൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള അവരുടെ വിലമതിക്കൽ—സങ്കീ. 118:22; 1 പത്രൊ. 2:7.

| | |
|---|---|
| സങ്കീ. 118:22 | വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നിരിക്കുന്നു. |
| 1 പത്രൊ. 2:7 | അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്,“ പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,” |

2. അവരുടെ ബന്ധുക്കളോട് താരതമ്യപ്പെടുത്തുമ്പോൾ കർത്താവായ യേശുവിനെറിച്ചുള്ള അവരുടെ വിലമതിക്കൽ—മത്താ. 10:37-38; ലൂക്കൊ. 18:26-30; 1 പത്രൊ. 1:1, 17; 2:11a.

| | |
|---|---|
| മത്താ. 10:37 | എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികമായി മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല; |
| മത്താ. 10:38 | തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല. |
| ലൂക്കൊ. 18:26 | കേട്ടവരോ, എങ്കിൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും? എന്നു ചോദിച്ചു. |
| ലൂക്കൊ. 18:27 | എന്നാൽ അവൻ, മനുഷ്യരാൽ അസാധ്യമായത് ദൈവത്താൽ സാധ്യമാകുന്നു എന്നു പറഞ്ഞു. |
| ലൂക്കൊ. 18:28 | ഇതാ, ഞങ്ങൾക്കു സ്വന്തമായവയെ ഉപേക്ഷിച്ചിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു എന്ന് പത്രൊസ് പറഞ്ഞു. |
| ലൂക്കൊ. 18:29 | അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിമിത്തം ഭവനത്തെയോ ഭാര്യയെയോ സഹോദരങ്ങളെയോ മാതാപിതാക്കളെയോ കുഞ്ഞുങ്ങളെയോ ഉപേക്ഷിച്ച ആർക്കും, |
| ലൂക്കൊ. 18:30 | എല്ലാവിധത്തിലും, അത്രയും തന്നെ അനേകം മടങ്ങായി ഈ കാലത്തും, വരുവാനുള്ള യുഗത്തിൽ നിത്യജീവനും തിരികെ ലഭിക്കാതിരിക്കുകയില്ല എന്ന് പറഞ്ഞു. |
| 1 പത്രൊ. 1:1 | യേശു ക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ്, പൊന്തൊസിലും ഗലാത്യയിലും കപ്പദോക്യയിലും ആസ്യയിലും ബിഥുന്യയിലും ചിതറിപ്പാർക്കുന്ന പരദേശികളായ, |
| 1 പത്രൊ. 1:17 | മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ, |
| 1 പത്രൊ. 2:11 | പ്രിയരേ... ജഡിക മോഹങ്ങളെ വിട്ടകലുവാൻ അന്യരും പരദേശികളുമായ നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. |

3. ഭൂമിയിലെ നിധിയുമായി താരതമ്യപ്പെടുത്തുമ്പോൾ നീതിയുടെ നിധിയായ ക്രിസ്തുവിക്കുറിച്ചുള്ള അവരുടെ വിലമതിക്കൽ—ഇയ്യോ. 22:23-28; മത്താ. 12:18-21; യെശ. 42:1-4; 1 പത്രൊ. 1:18-20.

| | |
|---|---|
| ഇയ്യോ. 22:23 | സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ അഭിവൃദ്ധിപ്രാപിക്കും; നീതികേടു നിന്റെ കൂടാരങ്ങളിൽനിന്നു അകറ്റിക്കളയും. |
| ഇയ്യോ. 22:24 | നിന്റെ പൊന്നു പൊടിയിലും ഓഫീർതങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക. |
| ഇയ്യോ. 22:25 | അപ്പോൾ സർവ്വശക്തൻ നിന്റെ പൊന്നും നിനക്കു വെള്ളിവാളവും ആയിരിക്കും. |

| | |
|---|---|
| ഇയ്യോ. 22:26 | അന്നു നീ സർവ്വശക്തനിൽ പ്രമോദിക്കും; ദൈവത്തിങ്കലേക്കു നിന്റെ മുഖം ഉയർത്തും. |
| ഇയ്യോ. 22:27 | നീ അവനോടു പ്രാർത്ഥിക്കും; അവൻ നിന്റെ പ്രാർത്ഥന കേൾക്കും; നീ നിന്റെ നേർച്ചകളെ കഴിക്കും. |
| ഇയ്യോ. 22:28 | നീ ഒരു കാര്യം നിരൂപിക്കും; അതു നിനക്കു സാധിക്കും; നിന്റെ വഴികളിൽ വെളിച്ചം പ്രകാശിക്കും. |
| മത്താ. 12:18 | “ഇതാ, ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസൻ, എന്റെ ദേഹി പ്രസാദം കണ്ടെത്തിയിരിക്കുന്ന എന്റെ പ്രിയൻ. അവന്റെമേൽ ഞാൻ എന്റെ ആത്മാവിനെ വയ്ക്കും, അവൻ ജാതികളോടു ന്യായം അറിയിക്കും. |
| മത്താ. 12:19 | അവൻ കലഹിക്കുകയില്ല, നിലവിളിക്കുകയുമില്ല; അവന്റെ ശബ്ദം തെരുവുകളിൽ ആരും കേൾക്കുകയുമില്ല. |
| മത്താ. 12:20 | അവൻ ന്യായത്തെ ജയത്തോളം കൊണ്ടുവരുംവരെ, ചതഞ്ഞ ഓടയെ ഒടിച്ചുകളയുകയില്ല, പുകയുന്ന ചണത്തെ കെടുത്തിക്കളയുകയുമില്ല. |
| മത്താ. 12:21 | അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശവയ്ക്കും.” |
| യെശ. 42:1 | ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും. |
| യെശ. 42:2 | അവൻ നിലവിളിക്കയില്ല, ഒച്ചയുണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല. |
| യെശ. 42:3 | ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. |
| യെശ. 42:4 | ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു. |
| 1 പത്രൊ. 1:18 | നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല, |
| 1 പത്രൊ. 1:19 | നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ; |
| 1 പത്രൊ. 1:20 | അവനെ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിഞ്ഞിരുന്നു, എന്നാൽ നിങ്ങൾ നിമിത്തം അന്ത്യകാലങ്ങളിൽ വെളിവാക്കിയിരിക്കുന്നു, |

4. എല്ലാ കാര്യങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തെ സംബന്ധിച്ച അവരുടെ വിലമതിക്കൽ—വാ. 8; 2 പത്രൊ. 1:2-3, 8; 2:20; 3:18.

| | |
|---|---|
| 1 പത്രൊ. 1:8 | അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു |

വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

2 പത്രൊ. 1:2 ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 2:20 നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മലിനതകൾ വിട്ടൊഴിഞ്ഞിട്ട് വീണ്ടും ഈ കാര്യങ്ങളിൽ കുടുങ്ങിപ്പോയാൽ, അവർ പരാജിതരാകുന്നു, അവർക്ക് ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിലും മോശമായിത്തീർന്നിരിക്കുന്നു.

2 പത്രൊ. 3:18 എന്നാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും നിത്യതയുടെ നാളോളവും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

5. മുഴുവൻ വേദപുസ്തകത്തിന്റെയും ഉപസംഹാരമാകാൻ, നിധിയുടെ ഒരു അത്ഭുത ഘടന എന്ന നിലയിൽ, തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്ക് മൂന്ന് അടിസ്ഥാന ഘടകങ്ങളെന്ന നിലയിൽ പണിതുചേർക്കപ്പെടുകയും അവരുമായി ചേർന്ന് രൂപപ്പെടുകയും ചെയ്ത, ദിവ്യ ത്രിത്വമായ, ത്രിയേക ദൈവാണ് പുതിയ യെരൂശലേം എന്ന ദർശനം നാം കാണണം—നഗരത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ സ്വർണം പിതാവായ ദൈവത്തെ മുൻകുറിക്കുന്നു; നഗരത്തിന്റെ കവാടങ്ങളെന്ന നിലയിൽ മുത്തുകൾ പുത്രനായ ദൈവത്തെ മുൻകുറിക്കുന്നു; നഗരത്തിന്റെ സൂര്യകാന്ത മതിൽ ആത്മാവായ ദൈവത്തെ മുൻകുറിക്കുന്നു—വെളി. 21:18-21; പ്ര.നി. 1 കൊരി. 3:12.

വെളി. 21:18 മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു; നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു.

വെളി. 21:19 നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല വിലയേറിയ കല്ലിനാലും അലങ്കരിച്ചിരുന്നു: ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം; രണ്ടാമത്തേത് നീലരത്നം; മൂന്നാമത്തേത് മാണിക്യം; നാലാമത്തേത് മരതകം;

വെളി. 21:20 അഞ്ചാമത്തേത് നഖവർണി; ആറാമത്തേത് പത്മരാഗം; ഏഴാമത്തേത് പീതരത്നം; എട്ടാമത്തേത് ഗോമേദകം; ഒമ്പതാമത്തേത് പുഷ്യരാഗം;

പത്താമത്തേത് വൈഡൂര്യം; പതിനൊന്നാമത്തേത് ഇന്ദ്രനീലം; പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം.

വെളി. 21:21 പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു. നഗരത്തിന്റെ വീഥി സുതാര്യമായ കണ്ണാടിപോലെ ശുദ്ധതങ്കം ആയിരുന്നു.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

B. നാം ക്രിസ്തുവിനെയും അവൻ ആയിരിക്കുന്ന സകലത്തെയും നമ്മുടെ അതിശ്രേഷ്ഠമായ ഓഹരിയായി നിരന്തരം തിരഞ്ഞെടുക്കുവാൻ തക്കവണ്ണം, നമ്മുടെ മൂല്യത്തിന്റെ ധാരണയ്ക്ക് സമഗ്രമായ മാറ്റമുണ്ടാകുവാൻ നമുക്ക് വെളിച്ചം നൽകണമെന്ന് നാം കർത്താവിനോട് അപേക്ഷിക്കണം—മർക്കൊ. 9:7-8; 2 കൊരി. 2:10; 4:7; 1 പത്രൊ. 1:8.

മർക്കൊ. 9:7 അവരെ നിഴലിട്ടുകൊണ്ട് ഒരു മേഘം പ്രത്യക്ഷമായി, മേഘത്തിൽനിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനെ കേൾക്കുവിൻ! എന്നൊരു ശബ്ദവും വന്നു,

മർക്കൊ. 9:8 പെട്ടെന്ന്, അവർ ചുറ്റും നോക്കിയപ്പോൾ, തങ്ങളോടൊപ്പം യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

1 പത്രൊ. 1:8 അവനെ കണ്ടിട്ടില്ലെങ്കിലും നിങ്ങൾ സ്നേഹിക്കുന്നു; ഇപ്പോൾ അവനെ കാണുന്നില്ലെങ്കിലും അവനിലേക്കു വിശ്വസിച്ചുകൊണ്ട്, നിങ്ങൾ അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കുന്നു,

C. "നീ അധമമായത് ഒഴിച്ച് ഉത്തമമായതു പ്രസ്താവിച്ചാൽ/ നീ എന്റെ വായ്പോലെ ആകും"—യിരെ. 15:19; പ്ര.നി. വാ. 16:

യിരെ. 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

1. ദൈവജനത്തിന് അവരുടെ പൂർണ രക്ഷയ്ക്കായി നമുക്ക് പകർന്നു നൽകുന്നതിന് പോഷിപ്പിക്കുന്ന പാലും പുതുമയുള്ള തേനും ഒഴുകുന്ന നല്ല ദേശത്തിന്റെ യാഥാർഥ്യമെന്ന നിലയിൽ കർത്താവിനെ അവന്റെ വചനത്തിൽ രുചിച്ചുകൊണ്ട്, നമുക്ക് പകുത്തുനൽകിയിരിക്കുന്ന ഭക്ഷണത്തെക്കാൾ കർത്താവിന്റെ വചനത്തെ നാം വിലമതിക്കണം—ഇയ്യോ. 23:12; 1 പത്രൊ. 2:2-5; സങ്കീ. 119:103; ആവ. 8:8; ഉത്ത. 4:11.

ഇയ്യോ. 23:12 ഞാൻ അവന്റെ അധരങ്ങളുടെ കല്പന വിട്ടു

| | |
|---|---|
| | പിന്മാറീട്ടില്ല; അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു. |
| 1 പത്രൊ. 2:2 | കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ, |
| 1 പത്രൊ. 2:3 | രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛരിക്കുവിൻ. |
| 1 പത്രൊ. 2:4 | മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, |
| 1 പത്രൊ. 2:5 | നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു. |
| സങ്കീ. 119:103 | തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു. |
| ആവ. 8:8 | കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം; |
| ഉത്ത. 4:11a | അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻ കീഴിൽ തേനും പാലും ഉണ്ടു;. ... |

2. ദൈവത്തിന്റെ ബഹുവിധമായ കൃപയെന്ന നിലയിൽ ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ പകരുന്നതിന് നമുക്ക് ദൈവത്തിന്റെ അരുളപ്പാടുകൾ സംസാരിക്കാൻ കഴിയേണ്ടതിന്, കർത്താവിന്റെ വചനത്തെ എല്ലാ ഭൗമിക സമ്പത്തിനെക്കാളും നാം വിലമതിക്കണം—സങ്കീ. 119:72, 9-16; എഫെ. 3:8; 2 കൊരി. 6:10; 1 പത്രൊ. 4:10-11.

| | |
|---|---|
| സങ്കീ. 119:72 | ആയിരം ആയിരം പൊൻവെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽനിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം. |
| സങ്കീ. 119:9 | ബെത്ത്. ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ. |
| സങ്കീ. 119:10 | ഞാൻ പൂർണ്ണഹൃദയത്തോടെ നിന്നെ അന്വേഷിക്കുന്നു; നിന്റെ കല്പനകൾ വിട്ടുനടപ്പാൻ എനിക്കു ഇടവരരുതേ. |
| സങ്കീ. 119:11 | ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. |
| സങ്കീ. 119:12 | യഹോവേ, നീ വാഴ്ത്തപ്പെട്ടവൻ; നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചു തരേണമേ. |
| സങ്കീ. 119:13 | ഞാൻ എന്റെ അധരങ്ങൾകൊണ്ടു നിന്റെ വായുടെ വിധികളെ ഒക്കെയും വർണ്ണിക്കുന്നു. |
| സങ്കീ. 119:14 | ഞാൻ സർവ്വസമ്പത്തിലും എന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ആനന്ദിക്കുന്നു. |
| സങ്കീ. 119:15 | ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു. |

| | |
|---|---|
| സങ്കീ. 119:16 | ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും; നിന്റെ വചനത്തെ മറക്കയുമില്ല. |
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |
| 2 കൊരി. 6:10 | ദുഃഖിപ്പാൻ ഇടവരുന്നവരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും അനേകരെ സമ്പന്നരാക്കുന്നവർ; ഒന്നുമില്ലാത്തവരെങ്കിലും സകലവും കൈവശമുള്ളവർ. |
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |
| 1 പത്രൊ. 4:11 | ഒരുവൻ സംസാരിക്കുന്നുവെങ്കിൽ, ദൈവത്തിന്റെ അരുളപ്പാടുകൾ സംസാരിക്കുന്നതുപോലെ; ഒരുവൻ ശുശ്രൂഷിക്കുന്നുവെങ്കിൽ, ദൈവം പ്രദാനം ചെയ്യുന്ന ശക്തിയിൽനിന്ന് ശുശ്രൂഷിക്കുന്നതുപോലെ; അങ്ങനെ എല്ലാറ്റിലും ദൈവം യേശു ക്രിസ്തുവിലൂടെ മഹത്വപ്പെടേണ്ടതിനുതന്നെ, മഹത്വവും ബലവും എന്നെന്നേക്കും അവനുള്ളത്. ആമേൻ. |

**II. ക്രിസ്തു തന്നെയാണ് തന്റെ വിശ്വാസികൾക്ക് വിലയേറിയവനെന്ന് പത്രൊസ് കണ്ടു—2:7; പ്ര.നി. ഫിലി. 3:8:**

| | |
|---|---|
| 1 പത്രൊ. 2:7 | അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു," |
| ഫിലി. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |

A. കർത്താവ് പലതവണ അവനെ ശാസിക്കുകയും അവൻ ദയനീയമായി പരാജയപ്പെടുകയും ചെയ്തിട്ടും, തന്റെ രക്തസാക്ഷിത്വം വരെ തന്റെ ഇടയനായ കർത്താവിനെ അനുഗമിക്കുവോളം പത്രൊസ് കർത്താവിനാൽ അത്രത്തോളം വശീകരിക്കപ്പെട്ടു (ആകർഷിക്കപ്പെട്ടു)—ലൂക്കൊ. 5:8-11; മർക്കൊ. 14:67-72; 16:7; യോഹ. 21:15-22; 2 പത്രൊ. 1:14-15:

| | |
|---|---|
| ലൂക്കൊ. 5:8 | ശിമോൻ പത്രൊസ് ഇതു കണ്ടപ്പോൾ, ഞാൻ പാപിയായ മനുഷ്യനാകയാൽ എന്നെ വിട്ടു പോകണമേ കർത്താവേ എന്നു പറഞ്ഞുകൊണ്ട് യേശുവിന്റെ കാൽക്കൽ വീണു. |
| ലൂക്കൊ. 5:9 | എന്തെന്നാൽ അവർ എടുത്ത മീൻകൂട്ടം നിമിത്തം അവനും അവനോടുകൂടെ ഉണ്ടായിരുന്ന എല്ലാവരും ആശ്ചര്യത്താൽ പിടിക്കപ്പെട്ടിരുന്നു. |
| ലൂക്കൊ. 5:10 | ശിമോന്റെ കൂട്ടാളികളായ സെബെദിയുടെ പുത്രന്മാരായ യാക്കോബിനും യോഹന്നാനും അങ്ങനെതന്നെ ആയിരുന്നു. |

യേശു ശിമോനോട്, ഭയപ്പെടേണ്ട. ഇനി മുതൽ നീ ജീവനോടെ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു.

ലൂക്കൊ. 5:11 അവർ പടകുകൾ കരയിൽ കൊണ്ടുവന്ന ശേഷം, എല്ലാം വിട്ട് അവനെ അനുഗമിച്ചു.

മർക്കൊ. 14:67 പത്രൊസ് തന്നെത്താൻ ചൂടുപിടിപ്പിക്കുന്നതു കണ്ടിട്ട്, അവനെ നോക്കി, നീയും ആ നസറായനായ യേശുവിനോടുകൂടെ ഉണ്ടായിരുന്നു എന്നു പറഞ്ഞു.

മർക്കൊ. 14:68 എന്നാൽ നീ പറയുന്നതു എന്തെന്ന് ഞാൻ അറിയുന്നില്ല, മനസ്സിലാകുന്നുമില്ല എന്നു പറഞ്ഞുകൊണ്ട് അവൻ അതു നിഷേധിച്ചു. അവൻ പുറത്ത് തുറസ്സായ സ്ഥലത്തേക്കു പോയി, അപ്പോൾ പൂവൻകോഴി കൂകി.

മർക്കൊ. 14:69 ആ ബാല്യക്കാരത്തി അവനെ കണ്ടിട്ട്, അടുത്തു നിന്നിരുന്നവരോട്, ഇവൻ അവരിൽ ഒരുവൻ! എന്നു വീണ്ടും പറയുവാൻ തുടങ്ങി.

മർക്കൊ. 14:70 എന്നാൽ അവൻ വീണ്ടും അതു നിഷേധിച്ചു. അൽപം കഴിഞ്ഞ്, അടുത്തു നിൽക്കുന്നവർ വീണ്ടും പത്രൊസിനോട്, തീർച്ചയായും നീ അവരിൽ ഒരുവൻ തന്നെ, നീയും ഗലീലക്കാരൻ ആകുന്നു എന്നു പറഞ്ഞു.

മർക്കൊ. 14:71 എന്നാൽ അവൻ, നിങ്ങൾ പറയുന്ന ഈ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു ശപിക്കുവാനും ആണയിടുവാനും തുടങ്ങി.

മർക്കൊ. 14:72 ഉടനെ പൂവൻകോഴി രണ്ടാമതും കൂകി. അപ്പോൾ, പൂവൻകോഴി രണ്ടു തവണ കൂകും മുമ്പേ മൂന്ന് വട്ടം നീ എന്നെ തള്ളിപ്പറയും എന്ന് യേശു തന്നോടു പറഞ്ഞ വാക്ക് പത്രൊസ് ഓർത്തു. അതിനെക്കുറിച്ച് ചിന്തിച്ച്, അവൻ കരഞ്ഞു.

മർക്കൊ. 16:7 എന്നാൽ പോകുവിൻ, അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും, അവൻ ഗലീലയിലേക്ക് നിങ്ങൾക്കു മുമ്പായി പോകുന്നു എന്നു പറയുവിൻ. അവൻ നിങ്ങളോടു പറഞ്ഞതുപോലെ, അവിടെ നിങ്ങൾ അവനെ കാണും.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ

അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

യോഹ. 21:18 സത്യമായി, സത്യമായി, ഞാൻ നിന്നോട് പറയുന്നു, നീ ചെറുപ്പമായിരുന്നപ്പോൾ, നീ നിന്റെതന്നെ അരകെട്ടി, നീ ഇച്ഛിച്ച ഇടത്ത് നടന്നു; എന്നാൽ നീ വയസ്സാകുമ്പോൾ, നിന്റെ കൈ നീട്ടുകയും, വേറൊരുവൻ നിന്നെ അരകെട്ടി, നീ ഇച്ഛിക്കാത്ത ഇടത്തേക്ക് നിന്നെ വഹിച്ചുകൊണ്ടുപോകുകയും ചെയ്യും.

യോഹ. 21:19 താൻ എങ്ങനെയുള്ള മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിച്ചു കൊണ്ടായിരുന്നു അവൻ ഇത് പറഞ്ഞത്. ഇത് പറഞ്ഞശേഷം, അവൻ അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

യോഹ. 21:20 പത്രൊസ് തിരിഞ്ഞപ്പോൾ, യേശു സ്നേഹിക്കുകയും അത്താഴത്തിൽ വച്ച് അവന്റെ മാറിൽ ചാഞ്ഞ്, കർത്താവേ, ആരാകുന്നു നിന്നെ ഒറ്റിക്കൊടുക്കുന്നവൻ? എന്നു ചോദിക്കുകയും ചെയ്ത ശിഷ്യൻ അനുഗമിക്കുന്നത് കണ്ടു.

യോഹ. 21:21 അതുകൊണ്ട് പത്രൊസ് അവനെ കണ്ടിട്ട്, കർത്താവേ, ഇവന് എന്തു ഭവിക്കും? എന്ന് ചോദിച്ചു.

യോഹ. 21:22 യേശു അവനോട്, ഞാൻ വരുന്നതുവരെ അവൻ ഇരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു എങ്കിൽ അതിനു നിനക്ക് എന്താകുന്നു? നീ എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

2 പത്രൊ. 1:14 നമ്മുടെ കർത്താവായ യേശു ക്രിസ്തു എനിക്കു വ്യക്തമാക്കിത്തന്നതുപോലെ, എന്റെ കൂടാരത്തിന്റെ ഉരിയൽ ആസന്നമാകുന്നുവെന്ന് അറിഞ്ഞുകൊണ്ട് തന്നെ.

2 പത്രൊ. 1:15 അതിലുപരി എന്റെ പുറപ്പാടിനു ശേഷം, നിങ്ങൾക്ക് ഈ കാര്യങ്ങൾ എപ്പോഴും ഓർമയിൽ കൊണ്ടുവരേണ്ടതിന് ഞാൻ ഉൽസാഹിക്കും.

1. കർത്താവിന്റെ കായാന്തരണ സമയത്ത് താനും, യാക്കോബും, യോഹന്നാനും, പരമോന്നത നിലയിലുള്ള പരിജ്ഞാനാരംഭത്വത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു എന്ന്, അവന്റെ മാഹാത്മ്യത്തിന്റെ പരിജ്ഞാനാരംഭം കുറിക്കപ്പെട്ട കാഴ്ച്ചക്കാരായി പ്രവേശിപ്പിക്കപ്പെട്ടു എന്ന് പത്രൊസ് മനസ്സിലാക്കി—വാ. 16-18; പ്ര.നി. 1 പത്രൊ. 5:1.

    2 പത്രൊ. 1:16 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ശക്തിയും വരവും ഞങ്ങൾ നിങ്ങളോട് അറിയിച്ചത് ഞങ്ങൾ സമർഥമായി ആസൂത്രണം ചെയ്ത കെട്ടുകഥകളെ പിന്തുടർന്നിട്ടല്ല, അവന്റെ മാഹാത്മ്യത്തിന്റെ ദൃക്സാക്ഷികൾ ആയിത്തീർന്നിട്ടത്രേ.

    2 പത്രൊ. 1:17 ഇവൻ എന്റെ പുത്രൻ, എന്റെ പ്രിയനായവൻ, ഇവനിൽ ഞാൻ പ്രസാദിക്കുന്നു എന്നിങ്ങനെയുള്ള ഒരു ശബ്ദം മഹത്തായ തേജസ്സിനാൽ അവനു വഹിച്ചിട്ട്, അവൻ പിതാവായ ദൈവത്തിൽനിന്ന് മാനവും തേജസ്സും പ്രാപിച്ചു.

    2 പത്രൊ. 1:18 അവനോടുകൂടെ വിശുദ്ധ പർവതത്തിൽ

ആയിരിക്കുമ്പോൾ സ്വർഗത്തിൽനിന്ന് ഈ ശബ്ദം വഹിക്കുന്നതായി ഞങ്ങൾ കേട്ടു.

1 പത്രൊ. 5:1 അതുകൊണ്ട് ഒരു കൂട്ടുമൂപ്പനും, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ സാക്ഷിയും, വെളിപ്പെടുവാനുള്ള തേജസ്സിന്റെ പങ്കാളിയുമായ ഞാൻ നിങ്ങളുടെ ഇടയിലുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നത്:

2. തന്റെ സ്വർഗ്ഗാരോഹണത്തിൽ, ക്രിസ്തു "രാജപ്രൗഢിയുള്ളവൻ" ആണ്—നമ്മുടെ പൂർണ രക്ഷയ്ക്കായി നമ്മുടെ ആസ്വാദനമാകാൻ തന്നെത്തന്നെ നമ്മിലേക്ക് പകരേണ്ടതിന് (വെളി. 22:1) നമ്മുടെ ന്യായാധിപനും, നമ്മുടെ നിയമനിർമ്മാതാവും, ദൈവത്തിന്റെ ഭരണത്തിൽ നമ്മുടെ രാജാവും (യെശ. 33:21-22) എന്ന നിലയിൽ അവൻ നമ്മുടെ ദൈവവും രക്ഷിതാവും (2 പത്രൊ. 1:1) എല്ലാവരുടെയും കർത്താവും (1 പത്രൊ. 3:22; പ്രവൃ. 2:36) ആകുന്നു.

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

1 പത്രൊ. 3:22 അവൻ ദൈവത്തിന്റെ വലത്തുഭാഗത്താകുന്നു, അവൻ സ്വർഗത്തിലേക്കു പോയിട്ട് ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പ്പെട്ടിരിക്കുന്നു.

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

യെശ. 33:21 അവിടെ മഹിമയുള്ളവനായ യഹോവ നമുക്കു വീതിയുള്ള നദികൾക്കും തോടുകൾക്കും പകരമായിരിക്കും; തണ്ടുവെച്ച പടകു അതിൽ നടക്കയില്ല; പ്രതാപമുള്ള കപ്പൽ അതിൽകൂടി കടന്നുപോകയുമില്ല.

യെശ. 33:22 യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മുടെ ന്യായദാതാവു; യഹോവ നമ്മുടെ രാജാവു; അവൻ നമ്മെ രക്ഷിക്കും.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

B. ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള വിലയേറിയ കല്ല് ക്രിസ്തു തന്നെയാണ്—1 പത്രൊ. 2:4, 6-8.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:6 എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും

വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

1 പത്രൊ. 2:8 കൂടാതെ, "ഇടർച്ചക്കല്ലും ലംഘനപ്പാറയും" ആകുന്നു; അവർ അനുസരണംകെട്ടവരായി, വചനത്തിൽ ഇടറിപ്പോകുന്നു, അതിനായിത്തന്നെ അവരെ നിയമിക്കുകയും ചെയ്തു.

C. ക്രിസ്തുവിന്റെ വിലയേറിയ രക്തം നമ്മുടെ വ്യർഥമായ നടപ്പിൽനിന്ന് നമ്മെ വീണ്ടെടുത്തു—1:14, 18-19.

1 പത്രൊ. 1:14 അനുസരണത്തിന്റെ മക്കളായി, നിങ്ങളുടെ അജ്ഞതയിൽ മുമ്പത്തെ മോഹങ്ങൾക്കൊത്തവണ്ണം പരിഷ്കൃതരാകാതെ,

1 പത്രൊ. 1:18 നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല,

1 പത്രൊ. 1:19 നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ;

D. നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തു നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു—2 പത്രൊ. 1:1, 4; പ്ര.നി. യെശ. 42:6; എബ്രാ. 8:8-12:

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

യെശ. 42:6 കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽനിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും

എബ്രാ. 8:8 അവരിൽ കുറ്റം കണ്ടതിനാൽ അവൻ പറയുന്നു, "ഇതാ, ഞാൻ യിസ്രായേൽ ഗൃഹത്തിനും യെഹൂദാ ഗൃഹത്തിനും മേൽ പുതിയൊരു ഉടമ്പടി പരിണതമാക്കുന്ന നാളുകൾ വരുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു,

എബ്രാ. 8:9 മിസ്രയീം ദേശത്തുനിന്ന് പുറത്തേക്കു നയിക്കുവാൻ ഞാൻ അവരുടെ പിതാക്കന്മാരെ അവരുടെ കൈക്കു പിടിച്ച നാളിൽ ഞാൻ അവരോടു ചെയ്ത ഉടമ്പടിപ്രകാരമല്ല, അവർ എന്റെ ഉടമ്പടിയിൽ തുടരാഞ്ഞതുകൊണ്ട്, ഞാൻ അവരെ

അവഗണിച്ചു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

എബ്രാ. 8:10 ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ ഞാൻ അവയെ കൊത്തിവയ്ക്കും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവുമാകും.

എബ്രാ. 8:11 അവരിൽ ആരും ഒരുവിധത്തിലും തന്റെ സഹപൗരനെയും തന്റെ സഹോദരനെയും, കർത്താവിനെ അറിയുവിൻ എന്നു പറഞ്ഞുകൊണ്ട് ഉപദേശിക്കുകയില്ല; അവരുടെ ഇടയിൽ ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും എന്നെ അറിയും.

എബ്രാ. 8:12 എന്തെന്നാൽ ഞാൻ അവരുടെ അനീതികളോട് അനുനയമുള്ളവനാകും, അവരുടെ പാപങ്ങളെ ഇനിമേൽ ഒരുവിധത്തിലും ഞാൻ ഓർക്കുകയില്ല."

1. കർത്താവിന്റെ വിലയേറിയ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെ, ദൈവത്തിന്റെ കെട്ടുുണിയുടെ ലക്ഷ്യത്തിനായി ദൈവത്തിന്റെ എല്ലാ വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങളുടെ യാഥാർഥ്യമായി അവനെ ആസ്വദിച്ചുകൊണ്ട്, നാം അവനെ രക്ഷയുടെ പാനപാത്രമായി കുടിക്കുന്നു—പ്രവൃ. 4:10-12; സങ്കീ. 116:12-13.

   പ്രവൃ. 4:10 നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനുമായ, നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ നാമത്തിൽത്തന്നെ ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ നല്ല ആരോഗ്യത്തോടെ നിൽക്കുന്നു എന്ന് നിങ്ങൾ എല്ലാവരും, യിസ്രായേലിലെ എല്ലാ ജനവും അറിഞ്ഞുകൊള്ളട്ടെ.

   പ്രവൃ. 4:11 പണിക്കാരായ നിങ്ങൾ, ഒന്നുമല്ലാത്തതായി കണക്കാക്കിയ കല്ല് ഇതാകുന്നു, അത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു.

   പ്രവൃ. 4:12 മറ്റാരിലും രക്ഷയില്ല, ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നാം രക്ഷിക്കപ്പെടുവാൻ വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല.

   സങ്കീ. 116:12 യഹോവ എനിക്കു ചെയ്ത സകലഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും?

   സങ്കീ. 116:13 ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

2. ഈ വിലയേറിയ വാഗ്ദാനങ്ങൾ ദൈവവചനത്തിൽ ദേഹരൂപമായിരിക്കുന്നു; വാഗ്ദത്തങ്ങൾ പ്രാർഥനാ വായന ചെയ്യുന്നതിലൂടെ നാം ദിവ്യ സ്വഭാവത്തിൽ പങ്കുകൊള്ളുകയും ആസ്വദിക്കുകയും ചെയ്യുന്നു, അങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള സമ്പന്നമായ പ്രവേശനം ആസ്വദിക്കുന്നതിന് ജീവന്റെ പക്വതയിലേക്ക് നാം ജീവനിൽ വളരുകയും വികാസംപ്രാപിക്കുകയും ചെയ്യും—2 പത്രൊ. 1:4-11.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 പത്രൊ. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 പത്രൊ. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 പത്രൊ. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 പത്രൊ. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

2 പത്രൊ. 1:9 എന്തെന്നാൽ ഈ കാര്യങ്ങൾ ഉള്ളിൽ ഇല്ലാത്തവൻ, ഹ്രസ്വദൃഷ്ടിയുള്ളവനായി, തന്റെ പൂർവകാല പാപങ്ങളുടെ കഴുകൽ മറന്നുപോയ കുരുടനാകുന്നു.

2 പത്രൊ. 1:10 അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുള്ളതാക്കുവാൻ അധികം ശുഷ്കാന്തിയുള്ളവരായിരിക്കുവിൻ, എന്തെന്നാൽ ഇവ ചെയ്യുന്നതു നിമിത്തം നിങ്ങൾ ഒരുവിധത്തിലും, ഒരിക്കലും ഇടറിപ്പോകുകയില്ല.

2 പത്രൊ. 1:11 ഇങ്ങനെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം നിങ്ങൾക്ക് സമ്പന്നവും ധാരാളവുമായി പകർന്നുനൽകപ്പെടും.

E. ദൈവം എല്ലാ വിശ്വാസികൾക്കും തുല്യമായി വിലയേറിയ വിശ്വാസം പകുത്തുനൽകിയിരിക്കുന്നു—വാ. 1; റോമ. 12:3.

2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

F. കഷ്ടാനുഭവങ്ങളിലൂടെ വരുന്ന വിവിധ പരീക്ഷകളിലൂടെയാണ് നമ്മുടെ വിശ്വാസത്തിന്റെ വിലയേറിയ പരിശോധന ഉണ്ടാകുന്നത്—1 പത്രൊ. 1:6-7.

| | |
|---|---|
| 1 പത്രൊ. 1:6 | ഇപ്പോൾ അൽപനേരത്തേക്ക്, അത് ആവശ്യമാകുന്നുവെങ്കിൽ, വിവിധ പരീക്ഷകളാൽ നിങ്ങൾ ദുഃഖിതരായെങ്കിലും, ആ കാലത്ത് നിങ്ങൾ ഉല്ലസിക്കുന്നു, |
| 1 പത്രൊ. 1:7 | അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ; |

**III. യെശയ്യാവ് തന്റെ വിഷാദാവസ്ഥയിൽ തേജസ്സിലുള്ള ക്രിസ്തുവിന്റെ ദർശനം കണ്ടു—യെശ. 6:1-8; പ്ര.നി. 5:20; 22:1; 2 ദിന. 26:1-5:**

| | |
|---|---|
| യെശ. 6:1 | ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു. |
| യെശ. 6:2 | സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മൂഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു. |
| യെശ. 6:3 | ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു. |
| യെശ. 6:4 | അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു. |
| യെശ. 6:5 | അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. |
| യെശ. 6:6 | അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽനിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നുവന്നു, |
| യെശ. 6:7 | അതു എന്റെ വായ്ക്കു തൊടുവിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു. |
| യെശ. 6:8 | അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു. |
| യെശ. 5:20 | തിന്മെക്കു നന്മ എന്നും നന്മെക്കു തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം! |
| യെശ. 22:1 | ദർശനത്താഴ്വരയെക്കുറിച്ചുള്ള പ്രവാചകം: നിങ്ങൾ എല്ലാവരും |

വീടുകളുടെ മുകളിൽ കയറേണ്ടതിന്നു നിങ്ങൾക്കു എന്തു ഭവിച്ചു?

2 ദിന. 26:1 യെഹൂദാജനമൊക്കെയും പതിനാറു വയസ്സുപ്രായമുള്ള ഉസ്സീയാവെ കൂട്ടിക്കൊണ്ടുവന്നു അവന്റെ അപ്പനായ അമസ്യാവിന്നു പകരം രാജാവാക്കി.

2 ദിന. 26:2 രാജാവു തന്റെ പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചശേഷം ഏലോത്തിനെ പണിതതും അതിനെ യെഹൂദെക്കു വീണ്ടുകൊണ്ടതും ഇവൻ തന്നേ.

2 ദിന. 26:3 ഉസ്സീയാവു വാഴ്ചതുടങ്ങിയപ്പോൾ അവന്നു പതിനാറു വയസ്സായിരുന്നു. അവൻ അമ്പത്തിരണ്ടു സംവത്സരം യെരൂശലേമിൽ വാണു. അവന്റെ അമ്മെക്കു യെഖൊല്യാ എന്നു പേർ. അവൾ യെരൂശലേംകാരത്തി ആയിരുന്നു.

2 ദിന. 26:4 അവൻ തന്റെ അപ്പനായ അമസ്യാവു ചെയ്തതുപോലെ ഒക്കെയും യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു.

2 ദിന. 26:5 ദൈവഭയത്തിൽ അവനെ ഉപദേശിച്ചുവന്ന സെഖർയ്യാവിന്റെ ആയുഷ്കാലത്തു അവൻ ദൈവത്തെ അന്വേഷിച്ചു: അവൻ യഹോവയെ അന്വേഷിച്ച കാലത്തോളം ദൈവം അവന്നു അഭിവൃദ്ധി നല്കി.

A. യെശയ്യാവിന്റെ നാളുകളിലെ ദുഷ്ടകാലത്തെക്കുറിച്ച് കർത്താവിന്റെ മുന്നറിയിപ്പിൻ വചനത്തിലൂടെ കാണാം—"തിന്മയ്ക്ക് നന്മ എന്നും/ നന്മയ്ക്കു തിന്മ എന്നും പേർ പറകയും/ ഇരുട്ടിനെ വെളിച്ചവും/ വെളിച്ചത്തെ ഇരുട്ടും ആക്കുകയും/ കയ്പിനെ മധുരവും/ മധുരത്തെ കയ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം!"—യെശ. 5:20.

B. ദൈവം തിരഞ്ഞെടുത്ത, അവനു പ്രിയരായ ജനത്തിന് മത്സരവും അകൃത്യങ്ങളും ദുഷ്ടതയും ഉണ്ടായിരുന്നിട്ടുപോലും, കർത്താവും രാജാവും സൈന്യങ്ങളുടെ യഹോവയും എന്ന നിലയിൽ ക്രിസ്തു അപ്പോഴും ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ മഹത്വത്തിൽ ഇരിക്കുകയായിരുന്നു—6:1-5; വിലാ. 5:19; വെളി. 22:1.

യെശ. 6:1 ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.

യെശ. 6:2 സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മൂഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു.

യെശ. 6:3 ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

യെശ. 6:4 അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു.

യെശ. 6:5 അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ

രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

വിലാ. 5:19 യഹോവേ, നീ ശാശ്വതനായും നിന്റെ സിംഹാസനം തലമുറതലമുറയായും ഇരിക്കുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

C. യെശയ്യാവ് കണ്ടത് ക്രിസ്തുവിനെ ആയിരുന്നു—യെശ. 6:5; യോഹ. 12:38-41:

യെശ. 6:5b ....എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

യോഹ. 12:38 "കർത്താവേ, ആർ ഞങ്ങളുടെ വാർത്ത വിശ്വസിച്ചിരിക്കുന്നു? കർത്താവിന്റെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?" എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞ വചനം നിവൃത്തിയാകേണ്ടതിനു തന്നെ.

യോഹ. 12:39 അവർക്ക് വിശ്വസിക്കുവാൻ കഴിഞ്ഞില്ല, എന്തുകൊണ്ടെന്നാൽ വീണ്ടും യെശയ്യാവു പറഞ്ഞു,

യോഹ. 12:40 "അവർ തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും ഹൃദയംകൊണ്ടു ഗ്രഹിക്കുകയും തിരിയുകയും, ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യാതിരിക്കേണ്ടതിന്, അവൻ അവരുടെ കണ്ണ് കുരുടാക്കുകയും അവരുടെ ഹൃദയത്തെ കഠിനമാക്കുകയും ചെയ്തിരിക്കുന്നു."

യോഹ. 12:41 അവന്റെ മഹത്വം കാണുകയും, അവനെക്കുറിച്ച് സംസാരിക്കുകയും ചെയ്തതുകൊണ്ടായിരുന്നു യെശയ്യാവ് ഈ കാര്യങ്ങൾ പറഞ്ഞത്.

1. ഭൂമിയിലുള്ള ക്രിസ്തുവിന്റെ ജീവിതത്തെയും വേലയെയും സംബന്ധിച്ച തന്റെ രേഖയിൽ യോഹന്നാൻ, യെശയ്യാവ് "അവന്റെ മഹത്വം കാണുകയും അവനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു" എന്ന് പറഞ്ഞു—വാ. 41.
2. തേജോമയനായ സിംഹാസനസ്ഥനായ ക്രിസ്തുവിന്റെ ദർശനം കാണുന്നതിന്, കർത്താവ് നമ്മുടെ ആന്തരിക കണ്ണുകൾ തുറക്കുന്നതിനും, നമ്മുടെ ഹൃദയത്തെ മൃദുവാക്കുന്നതിനും, നമ്മുടെ ഹൃദയത്തെ അവനിലേക്ക് തിരിക്കുന്നതിനും പ്രാർഥിക്കാൻ നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട്, നാം യെശയ്യാവിന്റെ മുന്നറിയിപ്പിൻ വചനത്തിന് ശ്രദ്ധ നൽകേണ്ടതുണ്ട് (യെശയ്യാവ് 6:9-10), അങ്ങനെ നമ്മുടെ അന്ധതയിൽനിന്നും രോഗത്തിൽനിന്നും നമുക്ക് അവന്റെ ആന്തരിക രോഗശാന്തി ലഭിക്കും (യോഹ. 12:40; മത്താ. 13:14-17; പ്രവൃ. 28:25-27; വെളി. 3:18; 4:2; 2 കൊരി. 3:16-18).

യെശ. 6:9 അപ്പോൾ അവൻ അരുളിച്ചെയ്തതു: നീ ചെന്നു, ഈ ജനത്തോടു പറയേണ്ടതു: നിങ്ങൾ കേട്ടുകൊണ്ടിട്ടും തിരിച്ചറികയില്ല; നിങ്ങൾ കണ്ടുകൊണ്ടിട്ടും ഗ്രഹിക്കയുമില്ല.

യെശ. 6:10 ഈ ജനം കണ്ണുകൊണ്ടു കാണുകയോ ചെവികൊണ്ടു കേൾക്കയോ ഹൃദയംകൊണ്ടു ഗ്രഹിക്കയോ മനസ്സുതിരിഞ്ഞു സൗഖ്യം പ്രാപിക്കയോ ചെയ്യാതെ ഇരിക്കേണ്ടതിന്നു നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണു

അടച്ചുകളകയും ചെയ്ക.

യോഹ. 12:40 "അവർ തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും ഹൃദയംകൊണ്ടു ഗ്രഹിക്കുകയും തിരിയുകയും, ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യാതിരിക്കേണ്ടതിന്, അവൻ അവരുടെ കണ്ണ് കുരുടാക്കുകയും അവരുടെ ഹൃദയത്തെ കഠിനമാക്കുകയും ചെയ്തിരിക്കുന്നു."

മത്താ. 13:14 അവരിൽ യെശയ്യാവിന്റെ പ്രവചനം പറയുന്നത് നിവൃത്തിയാകുന്നു, "കേൾവിയാൽ നിങ്ങൾ കേൾക്കും, ഒരുവിധത്തിലും മനസ്സിലാക്കുകയില്ല, കണ്ടുകൊണ്ട് നിങ്ങൾ കാണും, ഒരുവിധത്തിലും ഗ്രഹിക്കുകയുമില്ല.

മത്താ. 13:15 എന്തെന്നാൽ ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു, അവരുടെ ചെവികൾകൊണ്ട് അവർ ഭാരത്തോടെ കേട്ടിരിക്കുന്നു, അവരുടെ കണ്ണുകൾ അവർ അടച്ചുമിരിക്കുന്നു, അല്ലാഞ്ഞാൽ അവർ തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും, ചെവികൾകൊണ്ട് കേൾക്കുകയും, ഹൃദയംകൊണ്ട് മനസ്സിലാക്കുകയും, അവർ തിരിഞ്ഞുവരുകയും, ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യും."

മത്താ. 13:16 എന്നാൽ നിങ്ങളുടെ കണ്ണുകൾ അവ കാണുന്നതുകൊണ്ടും, നിങ്ങളുടെ ചെവികൾ അവ കേൾക്കുന്നതുകൊണ്ടും അനുഗൃഹിക്കപ്പെട്ടവയാകുന്നു.

മത്താ. 13:17 എന്തെന്നാൽ സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്ന കാര്യങ്ങൾ കാണുവാൻ ആഗ്രഹിച്ചു, കണ്ടതുമില്ല, നിങ്ങൾ കേൾക്കുന്ന കാര്യങ്ങൾ കേൾക്കുവാൻ ആഗ്രഹിച്ചു, കേട്ടതുമില്ല.

പ്രവൃ. 28:25 അവർ അന്യോന്യം വിയോജിച്ചപ്പോൾ, പിരിഞ്ഞുപോയി; പൗലൊസ് ഒരു വചനം അവരോടു പറഞ്ഞത്, പരിശുദ്ധാത്മാവ് യെശയ്യാ പ്രവാചകനിലൂടെ നിങ്ങളുടെ പിതാക്കന്മാരോട് നന്നായി സംസാരിച്ചിരിക്കുന്നു,

പ്രവൃ. 28:26 "ഈ ജനത്തിന്റെ അടുക്കൽ പോയി പറയുക, കേൾവിയാൽ നിങ്ങൾ കേൾക്കും, യാതൊരു വിധത്തിലും മനസ്സിലാക്കുകയില്ല; കാഴ്ച്ചയാൽ നിങ്ങൾ കാണും, യാതൊരു വിധത്തിലും ഗ്രഹിക്കുകയുമില്ല;

പ്രവൃ. 28:27 എന്തെന്നാൽ ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു, അവരുടെ ചെവികൊണ്ട് അവർ ഭാരത്തോടെ കേട്ടും, അവരുടെ കണ്ണ് അവർ അടച്ചുമിരിക്കുന്നു; അല്ലാഞ്ഞാൽ അവർ തങ്ങളുടെ കണ്ണുകൊണ്ട് ഗ്രഹിക്കുകയും, തങ്ങളുടെ ചെവികൊണ്ട് കേൾക്കുകയും, തങ്ങളുടെ ഹൃദയംകൊണ്ട് മനസ്സിലാക്കുകയും ചെയ്തിട്ട്, അവർ തിരിഞ്ഞുവരുകയും, ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യും."

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

വെളി. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

D. ക്രിസ്തുവിന്റെ നീളമുള്ള അങ്കി പ്രധാനമായും അവന്റെ മനുഷ്യത്വത്തിലും അവന്റെ മനുഷ്യത്വത്തിലൂടെയും വെളിപ്പെട്ട അവന്റെ സദ്ഗുണങ്ങളിലുള്ള പ്രതാപത്തെ സൂചിപ്പിക്കുന്നു; ക്രിസ്തു നീളമുള്ള അങ്കി ധരിക്കുകയായിരുന്നു എന്നത് അവൻ യെശയ്യാവിന് ഒരു മനുഷ്യന്റെ സ്വരൂപത്തിൽ പ്രത്യക്ഷപ്പെട്ടുവെന്ന് സൂചിപ്പിക്കുന്നു; ക്രിസ്തു തന്റെ മാനുഷിക സദ്ഗുണങ്ങളിൽ വെളിപ്പെട്ട ദിവ്യ തേജസ്സോടുകൂടിയ സിംഹാസനസ്ഥനായ ദൈവമനുഷ്യനാണ്—യെശ. 6:1; പ്ര.നി. യെഹെ. 1:26, 22; പ്രവൃ. 2:36; എബ്രാ. 2:9.

യെശ. 6:1 ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

യെഹെ. 1:22 ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു.

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

എബ്രാ. 2:9a എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം

ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, ...

E. യെശയ്യാവ് ക്രിസ്തുവിനെ അവന്റെ നീതിയിൽ അടിസ്ഥാനപ്പെട്ട അവന്റെ വിശുദ്ധിയിൽ കണ്ടു—യെശ. 6:2-3:

യെശ. 6:2 സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മൂഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു.

യെശ. 6:3 ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു.

1. സാറാഫുകൾ ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു അഥവാ പ്രതിനിധീകരിക്കുന്നു; അവർ ക്രിസ്തുവിന്റെ വിശുദ്ധിക്കുവേണ്ടി അവിടെ നിൽക്കുകയായിരുന്നു.
2. ക്രിസ്തുവിന്റെ വിശുദ്ധി അവന്റെ നീതിയെ അടിസ്ഥാനപ്പെട്ടിരിക്കുന്നു; ക്രിസ്തു എപ്പോഴും നീതിമാനായതുകൊണ്ട്, അവൻ പൊതു ജനത്തിൽനിന്ന് വിശുദ്ധീകരിക്കപ്പെട്ടിരുന്നു, വേർപെട്ടിരുന്നു—5:16.

   യെശ. 5:16 എന്നാൽ സൈന്യങ്ങളുടെ യഹോവ ന്യായവിധിയിൽ ഉന്നതനായിരിക്കയും പരിശുദ്ധദൈവം നീതിയിൽ തന്നെത്താൻ പരിശുദ്ധനായി കാണിക്കയും ചെയ്യും..

F. ഈ ദർശനം കണ്ടതിന്റെ ഫലമായി, താൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യനാണെന്നും, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുകയാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് യെശയ്യാവ് അവസാനിപ്പിക്കപ്പെട്ടു—6:5:

യെശ. 6:5 അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു.

1. പുതിയനിയമ അർഥത്തിൽ, ദൈവത്തെ കാണുന്നത് ദൈവത്തെ നേടുന്നതിന് തുല്യമാണ്; ദൈവത്തെ നേടുക എന്നാൽ ദൈവത്തെ അവന്റെ മൂലകത്തിലും, അവന്റെ ജീവനിലും, അവന്റെ സ്വഭാവത്തിലും കൈക്കൊള്ളുക എന്നാണ്, അങ്ങനെ നാം ദൈവത്താൽ സംരചിക്കപ്പെടുന്നു—പ്ര.നി. ഉല്പ. 13:14-15; ഗലാ. 3:14; മത്താ. 5:8.

   ഉല്പ. 13:14 ലോത്ത് അബ്രാമിനെ വിട്ടു പിരിഞ്ഞശേഷം യഹോവ അബ്രാമിനോടു അരുളിച്ചെയ്തതു: തലപൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്നു വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക.

   ഉല്പ. 13:15 നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും.

   ഗലാ. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

| | |
|---|---|
| മത്താ. 5:8 | ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ, അവർ ദൈവത്തെ കാണും. |

2. ദൈവത്തെ കാണുന്നത് നമ്മെ രൂപാന്തരപ്പെടുത്തുന്നു, കാരണം ദൈവത്തെ കാണുന്നതിലൂടെ നാം ദൈവത്തെ നേടുകയും അവന്റെ മൂലകം നമ്മിലേക്ക് സ്വീകരിക്കുകയും, നമ്മുടെ പഴയ മൂലകം പുറന്തള്ളപ്പെടുകയും ചെയ്യുന്നു; ഈ ചയാപചയ പ്രക്രിയയാണ് രൂപാന്തരം—2 കൊരി. 3:16—4:1; റോമ. 12:2; ഫിലി. 3:8.

| | |
|---|---|
| 2 കൊരി. 3:16 | എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |
| 2 കൊരി. 4:1 | അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല; |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| ഫിലി. 3:8 | അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും, |

3. നാം എത്രത്തോളം ദൈവത്തെ കാണുകയും, അറിയുകയും സ്നേഹിക്കുകയും ചെയ്യുമോ, അത്രത്തോളം നാം നമ്മെത്തന്നെ വെറുക്കുകയും നമ്മെത്തന്നെ ത്യജിക്കുകയും ചെയ്യും—ഇയ്യോ. 42:5-6; മത്താ. 16:24; ലൂക്കൊ. 9:23; 14:26.

| | |
|---|---|
| ഇയ്യോ. 42:5 | ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. |
| ഇയ്യോ. 42:6 | ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു. |
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| ലൂക്കൊ. 9:23 | പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് |

എടുത്ത്, എന്നെ അനുഗമിക്കട്ടെ.

ലൂക്കൊ. 14:26 ആരെങ്കിലും എന്റെ അടുക്കൽ വരുകയും തന്റെ സ്വന്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും അതിലുപരി തന്റെ സ്വന്തം ദേഹിജീവനെയും വെറുക്കുന്നില്ലെങ്കിൽ, എന്റെ ശിഷ്യൻ ആകുവാൻ അവനു കഴിയുകയില്ല.

G. താൻ അശുദ്ധനാണെന്ന് യെശയ്യാവ് തിരിച്ചറിഞ്ഞപ്പോൾ, ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്ന സാറാഫുകളിൽ ഒരുവൻ യാഗപീഠത്തിൽനിന്ന് ഒരു കനൽ എടുത്ത് അവനെ ശുദ്ധീകരിച്ചു:

1. സാറാഫുകളിൽ ഒരുവൻ ഈ തീക്കനൽ പ്രയോഗിക്കുന്നത്, ക്രൂശിൽ നിർവഹിക്കപ്പെട്ട ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ സഫലത, “ആത്മാവ് വിശുദ്ധൻ” തന്റെ ന്യായവിധിയിലും, ജ്വലനത്തിലും, വിശുദ്ധീകരിക്കുന്ന ശക്തിയിലും പ്രയോഗിക്കുന്നതിനെ സൂചിപ്പിക്കുന്നു—യെശ. 6:6-7; 4:4; പ്ര.നി. ലൂക്കൊ. 12:49; വെളിപ്പാട് 4:5.

യെശ. 6:6 അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽനിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നുവന്നു,

യെശ. 6:7 അതു എന്റെ വായ്ക്കു തൊടുവിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു.

യെശ. 4:4 സീയോനിൽ മിഞ്ചിയിരിക്കുന്നവനും യെരൂശലേമിൽ ശേഷിച്ചിരിക്കുന്നവനും, ഇങ്ങനെ യെരൂശലേമിൽ ജീവനുള്ളവരുടെ കൂട്ടത്തിൽ പേർ എഴുതിയിരിക്കുന്ന ഏവനും തന്നേ, വിശുദ്ധൻ എന്നു വിളിക്കപ്പെടും.

ലൂക്കൊ. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

വെളി. 4:5 സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു;

2. ദൈവത്തെ കാണുന്നത് ദൈവത്താൽ ശുദ്ധീകരിക്കപ്പെടുകയും വെടിപ്പാക്കപ്പെടുകയും ചെയ്യുന്നതിൽ പരിണമിക്കുന്നു, ദൈവത്താൽ വെടിപ്പാക്കപ്പെടുന്നത് ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ, അവർ അവന്റെ തേജസ്സിൽ അവനെ ആവിഷ്കരിക്കുകയും, അവന്റെ വിശുദ്ധിയാൽ സാന്ദ്രീകരിക്കപ്പെടുകയും, അവന്റെ നീതിയിൽ ജീവിക്കുകയും ചെയ്യേണ്ടതിന് ക്രിസ്തുവിനെ ജീവിക്കുന്ന ഒരു അവസ്ഥയിലേക്ക് കൊണ്ടുവരാൻ ദൈവത്താൽ അയയ്ക്കപ്പെടുന്നതിൽ പരിണമിക്കുന്നു—യെശ. 6:6-8; 1 യോഹ. 1:7-9; പ്രവൃ. 13:47; ഫിലി. 1:21.

യെശ. 6:6 അപ്പോൾ സാറാഫുകളിൽ ഒരുത്തൻ

യാഗപീഠത്തിൽനിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നുവന്നു,

യെശ. 6:7 അതു എന്റെ വായ്ക്കു തൊടുവിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു.

യെശ. 6:8 അനന്തരം ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: അടിയൻ ഇതാ അടിയനെ അയക്കേണമേ എന്നു ഞാൻ പറഞ്ഞു.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

പ്രവൃ. 13:47 എന്തെന്നാൽ കർത്താവ് ഞങ്ങളോട് ഇപ്രകാരം കൽപ്പിച്ചിരിക്കുന്നു, “നീ ഭൂമിയുടെ അങ്ങേയറ്റത്തോളം രക്ഷയ്ക്ക് ആകേണ്ടതിന്, ഞാൻ നിന്നെ ജാതികളുടെ വെളിച്ചമായി വച്ചിരിക്കുന്നു.”

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

**IV. ദാനീയേലിന് ഒരു മനുഷ്യനെന്ന നിലയിൽ തന്റെ പരമമായ അമൂല്യതയിൽ പ്രത്യക്ഷനായ, ഉൽകൃഷ്ടനായ ക്രിസ്തുവിന്റെ ദർശനം, ദാനീയേലിന്റെ വിലമതിപ്പിനും ആശ്വാസത്തിനും പ്രോത്സാഹനത്തിനും ദൃഢീകരണത്തിനും വേണ്ടിയായിരുന്നു—ദാനീ. 10:4-9:**

ദാനീ. 10:4 എന്നാൽ ഒന്നാം മാസം ഇരുപത്തുനാലാം തിയ്യതി ഞാൻ ഹിദ്ദേക്കൽ എന്ന മഹാനദീതീരത്തു ഇരിക്കയിൽ

ദാനീ. 10:5 തലപൊക്കി നോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കംകൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു.

ദാനീ. 10:6 അവന്റെ ദേഹം ഗോമേദകംപോലെയും മുഖം മിന്നൽപ്രകാശംപോലെയും കണ്ണു തീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു.

ദാനീ. 10:7 ദാനീയേൽ എന്ന ഞാൻ മാത്രം ഈ ദർശനം കണ്ടു; എന്നോടുകൂടെ ഉണ്ടായിരുന്ന ആളുകൾ ദർശനം കണ്ടില്ല; എങ്കിലും ഒരു മഹാഭ്രമം അവർക്കു പിടിച്ചിട്ടു അവർ

ഓടിയൊളിച്ചു.

ദാനീ. 10:8 അങ്ങനെ ഞാൻ തനിച്ചു ശേഷിച്ചിരുന്നു ഈ മഹാദർശനം കണ്ടു; എന്നിൽ ഒട്ടും ബലം ശേഷിച്ചിരുന്നില്ല; എന്റെ മുഖശോഭ ക്ഷയിച്ചുപോയി; എനിക്കു ഒട്ടും ബലം ഇല്ലാതെയും ആയി.

ദാനീ. 10:9 എന്നാൽ ഞാൻ അവന്റെ വാക്കുകളുടെ ശബ്ദം കേട്ടു; അവന്റെ വാക്കുകളുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ബോധംകെട്ടു നിലത്തു കവിണ്ണുവീണു.

A. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ അവരുടെ അടിമത്തത്തിൽ പരിപാലിക്കുവാൻ, ചണനൂൽ അങ്കി സൂചിപ്പിക്കുന്നതുപോലെ, ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ ഒരു പുരോഹിതനായി പ്രത്യക്ഷപ്പെട്ടു—വാ. 5; പുറ. 28:31-35.

ദാനീ. 10:5 തലപൊക്കി നോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കംകൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു.

പുറ. 28:31 ഏഫോദിന്റെ അങ്കി മുഴുവനും നീലനൂൽകൊണ്ടു ഉണ്ടാക്കേണം.

പുറ. 28:32 അതിന്റെ നടുവിൽ തല കടപ്പാൻ ഒരു ദ്വാരം വേണം; ദ്വാരത്തിന്നു നെയ്ത്തുപണിയായ ഒരു നാട ചുറ്റിലും വേണം; അതു കീറിപ്പോകാതിരിപ്പാൻ കവചത്തിന്റെ ദ്വാരംപോലെ അതിന്നു ഉണ്ടായിരിക്കേണം.

പുറ. 28:33 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടു ചുറ്റും അതിന്റെ വിളുമ്പിൽ മാതളപ്പഴങ്ങളും അവയുടെ ഇടയിൽ ചുറ്റും പൊന്നുകൊണ്ടു മണികളും ഉണ്ടാക്കേണം.

പുറ. 28:34 അങ്കിയുടെ വിളുമ്പിൽ ചുറ്റും ഒരു പൊന്മണി ഒരു മാതളപ്പഴം, ഒരു പൊന്മണി ഒരു മാതളപ്പഴം, ഇങ്ങനെ വേണം.

പുറ. 28:35 ശുശ്രൂഷ ചെയ്കയിൽ അഹരോൻ അതു ധരിക്കേണം. യഹോവയുടെ മുമ്പാകെ വിശുദ്ധമന്ദിരത്തിൽ കടക്കുമ്പോഴും പുറത്തുവരുമ്പോഴും അവൻ മരിക്കാതിരിക്കേണ്ടതിന്നു അതിന്റെ ശബ്ദം കേൾക്കേണം.

B. സകല ജനത്തെയും ഭരിക്കേണ്ടതിന്, ക്രിസ്തു തന്റെ രാജത്വത്തിലും സ്വർണ അരകച്ചയാൽ സൂചിപ്പിക്കപ്പെടുന്ന തന്റെ ദിവ്യത്വത്തിലും പ്രത്യക്ഷനായി—ദാനീ. 10:5.

ദാനീ. 10:5b ...അരെക്കു ഊഫാസ് തങ്കംകൊണ്ടുള്ള കച്ച കെട്ടിയും...

C. അവന്റെ ശരീരം ഗോമേദകം പോലെയാണെന്ന് സൂചിപ്പിക്കുന്നതുപോലെ തന്റെ ജനത്തിന്റെ വിലമതിപ്പിനായി, ക്രിസ്തു തന്റെ അമൂല്യതയിലും അന്തസ്സിലും പ്രത്യക്ഷനായി; *ഗോമേദകത്തിനുള്ള* എബ്രായ പദം നീലകലർന്ന പച്ച അല്ലെങ്കിൽ മഞ്ഞ നിറത്തിലുള്ള ഒരു വിലയേറിയ കല്ലിനെ പരാമർശിക്കാം, അത് ക്രിസ്തു തന്റെ ദേഹരൂപത്തിൽ ദിവ്യനും (മഞ്ഞ), ജീവനാൽ നിറഞ്ഞവനും (പച്ച), സ്വർഗീയനുമാണെന്ന് (നീല) സൂചിപ്പിക്കുന്നു—വാ. 6a.

ദാനീ. 10:6a അവന്റെ ദേഹം ഗോമേദകംപോലെയും...

D. മിന്നൽപ്രകാശംപോലെയുള്ള മുഖം (വാ. 6b) സൂചിപ്പിക്കുന്നതുപോലെ ജനത്തിനുമേൽ പ്രകാശിക്കുന്നതിനായി തന്റെ ശോഭയിലും, അവന്റെ കണ്ണുകൾ തീപ്പന്തംപോലെയാണെന്ന് (വാ. 6c) സൂചിപ്പിക്കുന്നതുപോലെ

അന്വേഷിക്കുന്നതിനും വിധിക്കുന്നതിനുമായി അവന്റെ പ്രകാശിപ്പിക്കുന്ന കാഴ്ചയിലും ക്രിസ്തു പ്രത്യക്ഷനായി.

ദാനീ. 10:6b മുഖം മിന്നൽപ്രകാശംപോലെയും...

ദാനീ. 10:6c കണ്ണു തീപ്പന്തംപോലെയും...

E. അവന്റെ കൈകളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണംപോലെയായിരുന്നു എന്ന് സൂചിപ്പിക്കുന്നതുപോലെ, ക്രിസ്തു ദാനീയേലിന് തന്റെ വേലയുടെയും നീക്കത്തിന്റെയും തിളക്കത്തിൽ പ്രത്യക്ഷനായി—വാ. 6d.

ദാനീ. 10:6d ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണംപോലെയും...

F. അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു എന്ന് സൂചിപ്പിക്കുന്നതുപോലെ, ജനത്തെ വിധിക്കുന്നതിന് തന്റെ ശക്തമായ സംസാരത്തിൽ ക്രിസ്തു പ്രത്യക്ഷനായി—വാ. 6e:

ദാനീ. 10:6e അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവംപോലെയും ആയിരുന്നു.

1. ക്രിസ്തുവിന് എല്ലാത്തിലും പ്രഥമസ്ഥാനം ലഭിക്കുവാൻ ഇടയാക്കുന്നതിന്, ക്രിസ്തുവിന് എല്ലാത്തിലും സർവോൽകൃഷ്ടത നൽകുന്നതിന് മുഴുവൻ ലോകസാഹചര്യവും സ്വർഗസ്ഥനായ ദൈവത്തിന്റെ സ്വർഗീയ ഭരണത്തിൻ കീഴിലാണ്—2:34-35; 7:9-10; 4:34-35; കൊലൊ. 1:15, 18; വെളി. 2:4-5.

ദാനീ. 2:34 തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു.

ദാനീ. 2:35 ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.

ദാനീ. 7:9 ഞാൻ നോക്കിക്കൊണ്ടിരിക്കെ അവർ ന്യായാസനങ്ങളെ വെച്ചു. വയോധികനായ ഒരുത്തൻ ഇരുന്നു. അവന്റെ വസ്ത്രം ഹിമംപോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു.

ദാനീ. 7:10 ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരമായിരം പേർ അവന്നു ശുശ്രൂഷചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു; ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു.

ദാനീ. 4:34 ആ കാലം കഴിഞ്ഞിട്ടു നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ

വാഴ്ത്തി, എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ.

| | |
|---|---|
| ദാനീ. 4:35 | അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല. |
| കൊലൊ. 1:15 | അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു, |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| വെളി. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| വെളി. 2:5 | അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും. |

2. നമ്മുടെ വ്യക്തിപരമായ പ്രപഞ്ചത്തിൽ ക്രിസ്തുവിന് ഒന്നാം സ്ഥാനം, സർവോൽകൃഷ്ടത ഉണ്ടായിരിക്കണം; ഇന്ന്, സർവോൽകൃഷ്ടനായ ക്രിസ്തു, നമ്മുടെ സഭാജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും ദൈനംദിന ജീവിതത്തിന്റെയും കേന്ദ്രീയതയും സാർവത്രികതയും ആയിരിക്കണം—കൊലൊ. 1:17, 18; 3:17; 1 കൊരി. 10:31.

| | |
|---|---|
| കൊലൊ. 1:17b | ...സകലവും അവനിൽ സംസക്തമായിരിക്കുന്നു; |
| കൊലൊ. 1:18b | ...അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 3:17 | വാക്കിലോ പ്രവൃത്തിയിലോ നിങ്ങൾ എന്ത് ചെയ്താലും, അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം ചെയ്തുകൊണ്ട്, സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുവിൻ. |
| 1 കൊരി. 10:31 | അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും, മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ. |

3. തന്റെ സ്വർഗീയ ഭരണത്തിൻ കീഴിൽ ദൈവം പരിസ്ഥിതിയെ ഉപയോഗിച്ച് ക്രിസ്തുവിനെ നമ്മുടെ കേന്ദ്രീയതയും (ഒന്നാമൻ) സാർവത്രികതയും (എല്ലാം) ആക്കുന്നു—റോമ. 8:28; കൊലൊ. 1:18, 27; 3:4, 10-11.

| | |
|---|---|
| റോമ. 8:28 | ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും |

നമ്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

| | |
|---|---|
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 1:27 | അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ, |
| കൊലൊ. 3:4 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |

4. ക്രിസ്തുവിന്റെ സർവോൽകൃഷ്ടതയ്ക്കുവേണ്ടി തന്റെ ജനമായിരിക്കാൻ ദൈവത്താൽ തിരഞ്ഞെടുത്തിരിക്കുന്നവരെന്ന നിലയിൽ, ക്രിസ്തുവിനെ സർവോൽകൃഷ്ടനാക്കുവാൻ, അവന് എല്ലാത്തിലും ഒന്നാം സ്ഥാനം നൽകുവാൻ നാം ദൈവത്തിന്റെ സ്വർഗീയ ഭരണത്തിൻ കീഴിലാണ്—ദാനീ. 4:26, 35; കൊലൊ. 1:18; 3:4, 10-11; സങ്കീ. 27:4.

| | |
|---|---|
| ദാനീ. 4:26 | ...വാഴുന്നതു സ്വർഗ്ഗമാകുന്നു എന്നു തിരുമനസ്സുകൊണ്ടു ഗ്രഹിച്ചശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും എന്നത്രേ. |
| ദാനീ. 4:35 | അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല. |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 3:4 | നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ |

എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ..

**V. ദൈവത്തിന്റെ വ്യക്തിപരമായ നിധിയായ വിലയേറിയ മനുഷ്യരാകുവാൻ അവനാൽ നമുക്ക് സംരചിക്കപ്പെടുവാൻ കഴിയത്തക്കവണ്ണം ദൈവത്തിന്റെ പരമമായ അമൂല്യതയായ ക്രിസ്തുവിനെ ആസ്വദിക്കുവാൻ നാം സമയത്തെ വീണ്ടെടുക്കണം; അവൻ നമ്മെ അവന്റെ നിധിയായി ആസ്വദിക്കുന്നതുപോലെ, അവനെ നമ്മുടെ ഓഹരിയായി ആസ്വദിച്ചുകൊണ്ട്, അവന്റെ വിലയേറിയ സാന്നിധ്യത്തിൽ നാം ജീവിക്കുമ്പോൾ, അവന്റെ ഹൃദയാഗ്രഹത്തിന്റെ പൂർത്തീകരണത്തിനായി നമ്മെ അവന്റെ ആത്മിക ഭവനവും വിശുദ്ധവും രാജകീയവുമായ പുരോഹിതവർഗവുമാക്കുവാൻ അവൻ അവനെത്തന്നെ നമ്മിലേക്ക് പണിയുന്നു—1 പത്രൊ. 3:4; ദാനീ. 9:23; 10:11, 19; 2 കൊരി. 2:10; സങ്കീ. 16:5; പുറ. 19:4-6; 1 പത്രൊ. 2:1-9; 2 പത്രൊ. 3:8, 11-12.**

1 പത്രൊ. 3:4 സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.

ദാനീ. 9:23 നീ ഏറ്റവും പ്രിയനാകയാൽ നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നേ കല്പന പുറപ്പെട്ടു, നിന്നോടു അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു; അതുകൊണ്ടു നീ കാര്യം ചിന്തിച്ചു ദർശനം ഗ്രഹിച്ചുകൊൾക.

ദാനീ. 10:11 അവൻ എന്നോടു: ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ, ഞാൻ നിന്നോടു പറയുന്ന വചനങ്ങളെ ശ്രദ്ധിച്ചു നിവിർന്നുനിൽക്ക; ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു; അവൻ ഈ വാക്കു എന്നോടു സംസാരിച്ചപ്പോൾ ഞാൻ വിറെച്ചുകൊണ്ടു നിവിർന്നുനിന്നു.

ദാനീ. 10:19 ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു; അവൻ എന്നോടു സംസാരിച്ചപ്പോൾ ഞാൻ ബലപ്പെട്ടു: യജമാനനേ, സംസാരിക്കേണമേ; നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

സങ്കീ. 16:5 എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്കു യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു.

പുറ. 19:4 ഞാൻ മിസ്രയീമ്യരോടു ചെയ്തതും നിങ്ങളെ കഴുകന്മാരുടെ ചിറകിന്മേൽ വഹിച്ചു എന്റെ അടുക്കൽ വരുത്തിയതും

നിങ്ങൾ കണ്ടുവല്ലോ.

പുറ. 19:5 ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകലജാതികളിലുംവെച്ചു പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ.

പുറ. 19:6 നിങ്ങൾ എനിക്കു ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും. ഇവ നീ യിസ്രായേൽമക്കളോടു പറയേണ്ടുന്ന വചനങ്ങൾ ആകുന്നു.

1 പത്രൊ. 2:1 അതുകൊണ്ട് എല്ലാ വിദ്വേഷവും എല്ലാ കളങ്കവും, കാപട്യങ്ങളും, അസൂയകളും, എല്ലാ ദുർഭാഷണങ്ങളും നീക്കിക്കളഞ്ഞ്,

1 പത്രൊ. 2:2 കർത്താവ് നല്ലവൻ എന്ന് നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ,

1 പത്രൊ. 2:3 രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ.

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

1 പത്രൊ. 2:6 എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

1 പത്രൊ. 2:8 കൂടാതെ, "ഇടർച്ചക്കല്ലും ലംഘനപ്പാറയും" ആകുന്നു; അവർ അനുസരണംകെട്ടവരായി, വചനത്തിൽ ഇടറിപ്പോകുന്നു, അതിനായിത്തന്നെ അവരെ നിയമിക്കുകയും ചെയ്തു.

1 പത്രൊ. 2:9 എന്നാൽ നിങ്ങൾ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകളെ ഘോഷിക്കുവാൻ തക്കവണ്ണം, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;

2 പത്രൊ. 3:8 എന്നാൽ പ്രിയരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ആകുന്നു എന്ന ഈ ഒരു കാര്യം നിങ്ങൾ അറിയാതിരിക്കരുത്.

2 പത്രൊ. 3:11 അങ്ങനെ ഇവയെല്ലാം അലിഞ്ഞുപോകാനിരിക്കുന്നതിനാൽ,

2 പത്രൊ. 3:12 ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത്

ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം?